**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **19-06-2024 - ൽ മറുപടിയ്ക്ക്**

**നികുതി ഒടുക്കാത്ത ഭൂമി പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നികുതി ഒടുക്കാത്ത ഭൂമി സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | നികുതി കെട്ടുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട ഭൂമികളെ (നി.കെ) രണ്ട് തരത്തിലാണ് മലബാറിലെ റവന്യൂ രേഖകളിൽ രേഖപ്പെടുത്തി വരുന്നത്. സ്വകാര്യ നി.കെ യും സർക്കാർ നി.കെ യും. ഇതിൽ സർക്കാർ നി.കെ വിഭാഗത്തിൽപ്പെട്ട ഭൂമികൾ യോജ്യമെങ്കിൽ സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കോട്ടൂർ വില്ലേജിലെ മൂലാട് പ്രദേശത്തെ നികുതി കെട്ടാത്ത ഭൂമി ഗ്രാമപഞ്ചായത്തിന് ലീസിന് നൽകുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കോട്ടൂർ വില്ലേജിലെ മൂലാട് പ്രദേശത്തെ നികുതി കെട്ടാത്ത ഭൂമി ഗ്രാമപഞ്ചായത്തിന് ലീസിന് നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് നിയമപ്രകാരമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ